# നിറങ്ങൾ




**colours**

***govt.hss.punalur little kites-2020***

# ഗവ. ഹയർസെക്കന്ററി സ്കൂൾ പുനലൂർ




# Govt. HSS. PUNALUR





## ചീഫ്എഡിറ്റർ

പുനലൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ *little kites*
യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സാഹിത്യ ചിന്തകൾ, ഭാവനകൾ
എന്നിവ ആസ്വാദിക്കാവുന്ന രീതിയിൽ
ഒരു **ഡിജിറ്റൽ മാഗസിൻ** രൂപപ്പെട്ടിരിക്കുകയാണ്.
ഈ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.
വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും
അവ പൊതു സമൂഹത്തിൽ എത്തിക്കുവാനും ഇത് പ്രയോജനപ്പെടട്ടെ
എന്ന് ആശിക്കുക്കുന്നു.
തുടർച്ചയായ രണ്ടാം വർഷവും
മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ പ്രവർത്തിച്ച
വിദ്യാർത്ഥികളെയും സഹായിച്ച അധ്യാപകരെയും
പ്രത്യേകം അഭിനന്ദിക്കുന്നു.

**അമൃത സി എസ്**
**ഹെഡ് മിസ്ട്രസ്**
**ഗവ.എച്ച് .എസ്സ്.എസ്സ്.പുനലൂർ**

*Govt.hss.punalur*



നിറങ്ങൾ...

നമ്മുടെ സ്കൂളിൽ രണ്ടാം വർഷവും *little kites* യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു.

പുതിയ കാലത്ത് ഡിജിറ്റൽ സംവിധാനങ്ങൾ വിദ്യാർത്ഥികളുടെ പഠനത്തിനും കഴിവുകളുടെ പരിപോഷണത്തിനും അത്യാവശ്യമാണ് . കേരളത്തിൽ പൊതു വിദ്യാഭ്യാസ രംഗത്തുള്ള പുരോഗതിയുടെ തെളിവ്കൂടിയാണ് *little kites* യൂണിറ്റ്. വൈവിധ്യങ്ങളുടെ പുതുമകൾ നിറഞ്ഞതാണ് ഈ 'നിറങ്ങൾ'. മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.

രാജശ്രീ.

പ്രിൻസിപ്പാൾ

ഗവ.എച്ച്. എസ്.എസ്. പുനലൂർ

*little kites*



# QUIZ

# HUMAN BODY

1. What is the biggest part of of human brain?

2. The coloured part of the human eye that controls how much light passes through the pupil is called the?

Iris

3. What is the name of the substance that gives skin and hair its pigment ?

Ans : Melanin

4 . The muscles found in the front of your things are know as what ?

Ans : quadriceps

5 . True or false ? The two chambers at the bottom of your heart are called ventricles ?

Ans ; True

6 . what substance are nails made of ?

Ans : keratin

7 .what is the human body 's biggest organ ?

Ans : The skin

8 . The innermost part of bones contain what ?

A ns : bone marrow

9 . how many lungs does the humans body have ?

Ans : 2

10 . The shape of DNA is known as ?

Ans : a double helix

ATHIRA .S

**class: 6.C**

# വി ടി. ഭട്ടതിരിപ്പാട്

1896 മാർച്ച് 26 ന് ജനിച്ചു. വെള്ളത്തിരുത്താഴത്തു രാമൻ ഭട്ടത്തിരിപ്പാട് എന്ന് മുഴുവൻ പേര്. കൗമാരം പിന്നിട്ട ശേഷമാണ് ശരിയായ വിദ്യാഭ്യാസം നേടിയത്. സാമൂഹ്യ പ്രവർത്തകൻ, നാടകകൃത്ത്, കഥാകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. കേരളത്തിലെ നമ്പൂതിരി സമുദായത്തിന്റെ പരിഷ്കരണത്തിന് മുൻകൈയെടുത്ത പ്രമുഖൻ. മറക്കുടയും നരകയാതനയും വലിച്ചെറിഞ്ഞുകൊണ്ട് സ്ത്രീകൾ പൊതു ധാരയിലിറങ്ങണമെന്ന ആഹ്വാനമാണ് 'അടുക്കളയിൽ നിന്ന് അരംഗത്തേക്ക് ' എന്ന നാടകത്തിലൂടെ അദ്ദേഹം നടത്തിയത്. നൂറോളം വേദികളിൽ അവതരിപ്പിച്ച ഈ നാടകം നമ്പൂതിരി സമുദായത്തിൽ ധാരാളം മാറ്റങ്ങൾക്ക് കാരണമായി. ദുരാചാരങ്ങൾക്കെതിരെ പ്രധാന പങ്ക് വഹിച്ച വ്യക്തിയാണ് വി ടി. ഭട്ടതിരിപ്പാട്. സ്വാതന്ത്ര്യ സമര സേനാനി കൂടിയായിരുന്ന അദ്ദേഹം പല പത്രങ്ങളുടെയും പത്രാധിപനും ആയിരുന്നു. 'കണ്ണീരും കനിവും 'എന്ന ആത്മകഥ പേര് പോലെ തന്നെ വികാരസാന്ദ്രമാണ്. രാജീരംഗം, വെടിവട്ടം തുടങ്ങി ധാരാളം കഥകളും അദ്ദേഹം രചിച്ചിട്ടുണ്ട്. 1982 ഫെബ്രുവരി 2 ന് അന്തരിച്ചു.

**കവിത**

# മഞ്ഞ സൂര്യൻ

എന്നു നീ വന്നു എവിടെ നിന്ന്
നീ ഭൂമിതൻ സ്വപനമായി.
ഒരു പൂവിലൊരിതളായി
ഒരു ചില്ലയിലൊരു തളിരായ്
നിന്റെ ലോകത്ത് ഞാനും വിടർന്നു.
നീ തന്ന ജീവനു പകരമേകാൻ
ഈ വാക്കുകളല്ലാതെയൊന്നമില്ല.
അന്തിയിലെങ്ങോ നീ പോയിമറഞ്ഞു
മേഘങ്ങൾ വന്നു മറച്ചുനിന്നു.
ഇത്തിരിവെട്ടം നിലാവുമായി
നിൽക്കുന്നൊരിന്ദു നീ നിന്നിടത്തിൽ
നേരം വെളുക്കുബോൾ വന്നിട്ടും നീ
പാതിരയോളം ഞാൻ പാടിനിന്നു.

By
Meenakshi.S

# അച്ഛൻ

ഉത്തര.എസ്.ശേഖർ.

അച്ഛനെ കാണാനായി കാത്തിരിപ്പൂ
എന്നു വരുമെന്നച്ഛൻ
കാലങ്ങൾ കഴിഞ്ഞ് വർഷങ്ങൾതോറും
കാത്തിരിപ്പൂ ഞാനച്ഛനെ.

പ്രഭാതത്തിൽ എന്നെ ഉണർത്തുമെൻ അച്ഛൻ
ഒരുപ്പാട് നാൾ പിണങ്ങി ഞാനച്ഛനോട്
അച്ഛനെ കാണാനായി കാത്തിരിപ്പൂ ഞാൻ
എന്നു വരുമെൻ അച്ഛൻ

*Govt.hss.punalur*

# കുസൃതി ചോദ്യം

വെള്ളത്തിൽ വിണാൽ നനയാത്തത് ?

*നിഴൽ*

തലയിൽ കാലുവെച്ച് നടക്കുന്ന ജീവി ?

*പേൻ*

കഴുത്തിൽ ഇടാൻ കഴിയാത്ത മാല ?

*തിരമാല*

വാഹനം ഓടിക്കാൻ കഴിയാത്ത റൂട്ട് ?

*ബീറ്റ് റൂട്ട്*

താമസിക്കാൻ പറ്റാത്ത അറ ?

*കല്ലറ*

കഴിക്കാൻ പറ്റാത്ത ആണി ?

*ബിരിയാണി*

Anju Thampi

***little kites***

# മലയാള ശൈലികൾ

| | | |
|---|---|---|
| അടിതെറ്റുക | - | സ്ഥാനം പിഴക്കുക |
| അകത്തു കത്തിയും പുറത്തു സ്നേഹവും | - | ഉള്ളിൽ വിരോധം പുറത്ത് സ്നേഹം |
| അലകും പിടിയും മാറ്റുക | - | മുഴുവൻ മാറ്റം വരുത്തുക |
| അക്കരപ്പച്ച | - | അകലെയുള്ളതിനോട് ഭ്രമം |
| അങ്ങാടിപ്പാട്ട് | - | പരസ്യം |
| അഞ്ചാം തരക്കാർ | - | അധമന്മാർ |
| അഞ്ചാം പത്തി | - | ഒറ്റുകൊടുക്കാൻ സഹായിക്കുന്നവൻ |
| കുംഭകർണ സേവ | - | വലിയ ഉറക്കം |
| കാരണം മറിയുക | - | ഒഴിഞ്ഞു മാറുക |
| കണ്ണിലെ കരട് | - | ഉപദ്രവകാരി |
| കണ്ണുകടി | - | അസൂയ |
| കണക്കു തീർക്കുക | - | കൊല്ലുക |
| അഗ്നി പരീക്ഷ | - | കഠിന പരീക്ഷണം |
| അജഗജാന്തരം | - | വലിയ വ്യത്യാസം |
| ഉണ്ട ചോറിൽ കല്ലിടുക | - | നന്ദി കേട്ട കാണിക്കുക |
| ഏഴു കെട്ടുക | - | പഠിത്തം അവസാനിപ്പിക്കുക |
| ശ്ലോകത്തിൽ കഴിയുക | - | ചുരുക്കുക |
| പാമ്പിന് പാലുകൊടുക്കുക | - | ദുഷ്ടൻമാരെ സഹായിക്കുക |
| പുലിവാൽ പിടിക്കുക | - | തന്നത്താൻ കുഴപ്പത്തിൽ ചാടുക |
| കണ്ണയക്കുക | - | ദയകാണിക്കുക |
| കണ്ണിൽ ചോരയില്ല | - | കനിവില്ല |

ഇലയിട്ട് ചവിട്ടുക - അറിഞ്ഞു കൊണ്ട് അപരാധം പ്രവർത്തിക്കുക